# കേരളസർക്കാർ

## പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം– 695001**

## വിജ്ഞാപനം

### ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേക്കുള്ള പ്രവേശന പരീക്ഷ – 2021
### ഓൺലൈൻ പ്രവേശന പരീക്ഷ 2022 ആഗസ്റ്റ് 30 – ന്
### വിദ്യാർത്ഥികൾക്ക് ഓൺലൈൻ അപേക്ഷയിലെ വിവരങ്ങൾ പരിശോധിക്കാവുന്നതാണ്

2021–22 അദ്ധ്യയന വർഷത്തെ ബി.ഫാം (ലാറ്ററൽ എൻട്രി) പ്രവേശന പരീക്ഷ 2022 ആഗസ്റ്റ് 30 (ചൊവ്വാഴ്ച) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സ് പ്രവേശനത്തിനായി അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്ക് അവരുടെ ഓൺലൈൻ അപേക്ഷയിലെ വിവരങ്ങൾ 16.08.2022 മുതൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പരിശോധിക്കാവുന്നതാണ്. വെബ് സൈറ്റിലെ **B.Pharm(LE) 2021 – Candidate Portal** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭ്യമാകുന്ന പേജിൽ ആപ്ലിക്കേഷൻ നമ്പറും, പാസ്‌വേഡും കൃത്യമായി നൽകി ആപ്ലിക്കേഷൻ സ്റ്റാറ്റസ് പരിശോധിക്കാവുന്നതാണ്.

ഓൺലൈൻ അപേക്ഷയിൽ അപാകതകൾ നിലനിൽക്കുന്ന വിദ്യാർത്ഥികൾക്ക് ഹോം പേജിലെ **Memo Details** എന്ന ലിങ്ക് ക്ലിക്ക് ചെയ്യുമ്പോൾ തങ്ങളുടെ അപേക്ഷയിലെ ന്യൂനത സംബന്ധിച്ച വിശദവിവരങ്ങൾ കാണാവുന്നതാണ്. ന്യൂനതകൾ പരിഹരിക്കാൻ ആവശ്യമായ ബന്ധപ്പെട്ട രേഖകൾ www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ അപ്‌ലോഡ് ചെയ്യേണ്ടതാണ്. നേറ്റിവിറ്റി, ഫോട്ടോ, ഒപ്പ് എന്നിവയിൽ അപാകത ഉള്ളവർ **20.08.2022 വൈകുന്നേരം 3.00 മണിക്ക്** മുമ്പായും, മറ്റ് സർട്ടിഫിക്കറ്റുകൾ/അനുബന്ധ രേഖകളിൽ അപാകതകൾ ഉള്ളവർ **27.08.2022 ന് വൈകുന്നേരം 5.00** മണിക്ക് മുമ്പായും പ്രസ്തുത രേഖകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്. അപേക്ഷാ ഫീസ് സംബന്ധമായ അപാകതകൾ പരിഹരിക്കുന്നതിന് **20.08.2022, 3.00** മണിക്ക് മുമ്പായി തന്നെ ഓൺലൈൻ പേയ്മെന്റ് വിജയകരമായി പൂർത്തിയാക്കേണ്ടതാണ്. തപാൽ/ഇ–മെയിൽ/ഫാക്സ് മുഖേന സമർപ്പിക്കുന്ന രേഖകൾ യാതൊരു കാരണവശാലും ന്യൂനതകൾ പരിഹരിക്കുന്നതിനായി സ്വീകരിക്കുന്നതല്ല.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.08.16 19:17:03 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**16/08/2022**